

# കേരളപാഠാവലി

## ഭാഗം – 1

## സ്റ്റാന്റേർഡ് – 1


കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്
2016

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

KT 89/1 Malayalam -1 Vol-1

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരതഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരതഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.
ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.
ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്ന വരെയും ബഹുമാനിക്കും.
ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി പ്രയത്നിക്കും.

**കേരളപാഠാവലി**

**1**

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram - 695 012, Kerala.
*Website* www.scert.kerala.gov.in *e-mail* scertkerala@gmail.com

*Typeset and design by* SCERT Computer Lab
First Edition : 2014, Reprint : 2016

© Government of Kerala • Department of Education



പ്രിയപ്പെട്ട കൂട്ടുകാരേ,

മലയാളത്തിന്റെ മധുരം നുകരാം.
കളിച്ചും രസിച്ചും പഠിക്കാം.


കഥപറഞ്ഞും പാട്ടുപാടിയും ഉല്ലസിക്കാം.
നമുക്കു ചുറ്റുമുള്ള ലോകത്തെക്കുറിച്ച് അറിയാം.
ഭാവനയുടെ ചിറകിലേറിപ്പറക്കാം.

വായിച്ചും എഴുതിയും അറിവിന്റെ ലോകത്ത്
സ്ഥാനമുറപ്പിക്കാം.

കൂട്ടുകൂടാൻ,
സ്നേഹം പകരാൻ
പഠനം സഹായിക്കട്ടെ.

സ്നേഹാശംസകളോടെ,

**ഡോ. പി.എ. ഫാത്തിമ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.



# പാഠപുസ്തക രചന

## ശില്പശാലയിൽ പങ്കെടുത്തവർ

**അബ്ദുറഹിമാൻ എൻ.**
ലക്ചറർ, ഡയറ്റ് കോഴിക്കോട്

**സി. കണ്ണൻകുട്ടി**
ശ്രീലക്ഷ്മി എൽ.പി. സ്കൂൾ
തിലാപ്പുള്ളി, പാലക്കാട്

**കാർമലി ജോൺ പി.എ.**
ഹോളിഫാമിലി എ.എസ്.ബി.എസ്.
കുമ്പള, കാസറഗോഡ്

**ജോസ് വിക്ടർ ജെ.**
ജി.എച്ച്.എസ്. ഊരൂട്ടുകാല

**പി.ടി. മണികണ്ഠൻ പന്തലൂർ**
ജി.എം. എൽ.പി.എസ്. മഞ്ചേരി സൗത്ത്

**മഹേഷ്കുമാർ എം.**
ബി.ആർ.സി. ചെറുവത്തൂർ,
കാസറഗോഡ്

**രാജലക്ഷ്മി ജി.**
യൂണിറ്റി എ.യു.പി.എസ്. മണ്ണാർക്കാട്

**രാജീവ് ടി.പി.**
ജി.എൽ.പി.എസ്. തച്ചണ്ണ,
അരീക്കോട്, മലപ്പുറം

**രാജേഷ് കുമാർ ടി.**
ജി.യു.പി.എസ്. തെക്കിൽ വെസ്റ്റ്,
കാസറഗോഡ്

**ഷിജി തോമസ്**
യൂണിറ്റി എ.യു.പി.എസ്. മണ്ണാർക്കാട്
പാലക്കാട്

**കെ.കെ. സുരേഷ്ബാബു**
പാലയാട് സെൻട്രൽ ജെ.ബി.എസ്.
തലശ്ശേരി.

## ചിത്രകാരന്മാർ

**രാജീവ് എൻ.ടി.** ജി.എച്ച്.എസ്.എസ്. തരിയോട്

**ജനു മഞ്ചേരി, സന്തോഷ് വെളിയന്നൂർ, ബാബുരാജ് എം പുൽപ്പള്ളി**

## വിദഗ്ധപരിശോധന

**ഡോ. പി. സോമനാഥൻ**, കോഴിക്കോട് സർവകലാശാല

**പ്രൊഫ. പി. നാരായണമേനോൻ**, നന്ദനം, അരിയന്നൂർ

**ഡോ. വിജയൻ ചാലോട്**, എസ്.എസ്.എ. കണ്ണൂർ

**കെ.എം. ഉണ്ണികൃഷ്ണൻ**, ഡയറ്റ് കണ്ണൂർ

## അക്കാദമിക് കോഡിനേറ്റർ


**ഡോ. പി.കെ. തിലക്**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012



## ഉള്ളടക്കം


| | | |
|---|---|---|
| 1. | വീട് നല്ല വീട് | 07 – 25 |
| 2. | മഴമേളം | 26 – 45 |
| 3. | മണവും മധുരവും | 46 – 61 |
| 4. | ഒരുമയുടെ ആഘോഷം | 62 – 79 |
| 5. | നന്നായി വളരാൻ | 80 – 96 |


എന്റെ പേര് : ..............................
വീട്ടുപേര് : ..............................
സ്കൂൾ : ..............................
: ..............................
എന്റെ ടീച്ചർ: ..............................

# 1

# വീട് നല്ല വീട്





ചിത്രത്തിൽ ആരെല്ലാം ഉണ്ട്?
അവർ ചെയ്യുന്നത് എന്താണ്?

## വരയ്ക്കാം നിറം നൽകാം

### എന്റെ വീട്

### പാടാം

വീട് നല്ല വീട്
ഞാൻ വരച്ച വീട്
എന്തു നല്ല വീട്
എന്റെ സ്വന്തം വീട്



## താരയുടെ കുഞ്ഞിക്കോഴി

താര വന്നു.

കൂട് തുറന്നു.

കുഞ്ഞിക്കോഴി പുറത്തു വന്നു.

താര അരി വിതറി.

കുഞ്ഞിക്കോഴി അരി തിന്നു.

താര നോക്കിനിന്നു.

പരുന്ത് അതു കണ്ടു.

കാക്കയും അതു കണ്ടു.

..............................................................

വേറെ ആരെല്ലാം കണ്ടു?





## പാഠത്തിൽനിന്ന് കണ്ടെത്തി വട്ടം വരയ്ക്കൂ

വന്നു　　　　തിന്നു

നിന്നു　　　　തുറന്നു

## വരച്ച് യോജിപ്പിക്കാം

താര　　　　തിന്നു

കൂട്　　　　വന്നു

അരി　　　　തുറന്നു



## വായിക്കാം എഴുതാം

താര　　വന്നു

............... ...............

.............. ...............



താ......　　അ......　　വി........റി



## പറന്നുവന്നവർ

കാക്ക പറന്നു വന്നു.
തറയിൽ ഇരുന്നു.

എന്തിനാ വന്നത്?
വിശന്നിട്ട്.
നിന്റെ കൂട് എവിടെ?
അതാ ആ മരത്തിൽ.

അരി തിന്നാൻ ആരൊക്കെ വന്നു?


അരി തിന്നാൻ തത്ത വന്നു.


...................................................

കുഞ്ഞിക്കോഴി ചോദിച്ചു.
തത്തേ, തത്തേ  കൂടെവിടെ?
ആ പനയിൽ.

## പാടാം

പാറിപ്പാറി പറന്നുവന്നു
പച്ചത്തത്ത പനന്തത്ത
പാറിപ്പാറി പറന്നുവന്നു
കുഞ്ഞിപ്രാവ് മണിപ്രാവ്






അരി തിന്നു.

വയറു നിറഞ്ഞു.

അവർ വീട്ടിലേക്ക് മടങ്ങി.

വീട്ടിലേക്ക് മടങ്ങിയവർ ആരെല്ലാം?

## വരച്ചു യോജിപ്പിക്കാം



## വായിക്കാം

| | | | |
|---|---|---|---|
| അരി | പറവ | തത്ത | പന |
| റവ | തറ | വന്നു | വിതറി |

## വാക്യങ്ങൾ ഉണ്ടാക്കാം

| | | |
|---|---|---|
| തവള | ചാടിച്ചാടി | പോയി |
| മുയൽ | | |
| തത്ത | പാറിപ്പാറി | വന്നു |
| മൈന | | |
| ആന | നടന്നുനടന്നു | വരുന്നു |
| നരി | | |

## വരികൾ കൂട്ടിച്ചേർത്ത് പാടാം



കാക്ക



കാക്കയ്ക്കുണ്ടൊരു കൂട്
ചുള്ളിക്കമ്പിൻ കൂട്
കുരുവിക്കുണ്ടൊരു കൂട്
നാരുകൊണ്ടൊരു കൂട്

..........................................

..........................................



ഉറുമ്പ്





....................




ജീവികൾ പലതരം, കൂടുകളും പലതരം.


## വഴി വരയ്ക്കാം






തേനീച്ച





................

## വീട് ഉണ്ടാക്കാം







## അയ്യോ പരുന്ത്

പട പട പട പട

ചിറകടി കേട്ടു.

കുഞ്ഞിക്കോഴി പേടിച്ചു വിറച്ചു.

ഓടിക്കോ .... പരുന്ത്.

കാക്ക വിളിച്ചു പറഞ്ഞു.

തള്ളക്കോഴി പറന്നുവന്നു.


കുഞ്ഞിക്കോഴി അമ്മയുടെ

ചിറകിനടിയിൽ ഒളിച്ചു.

പേടിക്കേണ്ട പേടിക്കേണ്ട.

വരൂ, വീട്ടിൽ പോകാം.

തള്ളക്കോഴി പറഞ്ഞു.






KT 89/1 Malayalam -1 Vol-1

കുഞ്ഞിക്കോഴീ, അകത്തു വരൂ.
താര പറഞ്ഞു.
കുഞ്ഞിക്കോഴി വീട്ടിനകത്ത് കയറി.
പല പല മുറികൾ.
പല പല സാധനങ്ങൾ.
മേശ, കട്ടിൽ, കസേര, .............

അടുക്കളയിലോ?



## പറയാം




കുഞ്ഞിക്കോഴി എന്തെല്ലാം കണ്ടിരിക്കാം?

## വട്ടം വരയ്ക്കാം


അടുക്കള ഉപകരണങ്ങൾക്ക് ചുറ്റും വട്ടം വരയ്ക്കൂ.



## കുട്ടികളെ വീടുകളിൽ എത്തിക്കാമോ?



## സ്നേഹമുള്ള വീട്ടുകാർ



| അച്ഛൻ | അമ്മ | അമ്മൂമ്മ | ചേട്ടൻ | ചേച്ചി |
|---|---|---|---|---|
| | | | | |


- പുസ്തകങ്ങൾ വാങ്ങിത്തരും.
- സ്കൂളിൽ കൊണ്ടുവിടും.
- കഥ പറഞ്ഞുതരും.
- വസ്ത്രം വാങ്ങിത്തരും.
- മുടി ചീകിത്തരും.
- കളിക്കാൻ ഒപ്പം കൂട്ടും.
- കളിപ്പാട്ടങ്ങൾ ഉണ്ടാക്കിത്തരും.
- ആഹാരം ഉണ്ടാക്കിത്തരും.

ഓരോരുത്തരും ചെയ്തുതരുന്നതെന്ത്?

കളങ്ങളിൽ യോജിച്ച നിറം നൽകൂ.

# വരച്ചു യോജിപ്പിക്കാം







## എനിക്ക് സഹായിക്കാൻ കഴിയുന്ന ജോലികൾ




## കുഞ്ഞിക്കിളിയെ കൂട്ടിലെത്തിക്കാം

ചിത്രം നോക്കി അവയുടെ പേരെഴുതിയ കളങ്ങളിൽ നിറംകൊടുക്കൂ.










# പേരെഴുതാം




..........ത്ത




..........ന



ത..........ള




പേ........



ചി........വ



പ........വ




..........ല




മി........ൽ

## പാടാം രസിക്കാം


# എന്റെ വീട്



എന്റെ കൊച്ചുവീട്
സ്നേഹമുള്ള വീട്
അമ്മയുള്ള അച്ഛനുള്ള
അനിയനുള്ള വീട്
പാട്ടുപാടിത്തന്നിടും
എന്റെ പൊന്നുമുത്തച്ഛൻ
നൂറുനൂറു കഥ പറയും
ഞങ്ങളുടെ മുത്തശ്ശി.
എന്റെ കൊച്ചുവീട്
സ്നേഹമുള്ള വീട്
ഒരുമയോടെ ഞങ്ങളെല്ലാം
പാർത്തിടുന്ന വീട്



## ചങ്ങാതിത്തത്ത





ഈ അക്ഷരങ്ങൾ വരുന്ന വാക്കുകൾ എഴുതാം.

# 2

# മഴമേളം





മഴ വരുമ്പോൾ എന്തൊക്കെ കാണാം?

## വരയ്ക്കാം

ഞാൻ കണ്ട മഴ

## ചിത്രം നോക്കി അഭിനയിക്കാം



## മഴവന്നു

മഴവില്ല് മാഞ്ഞു.

മാനം കറുത്തു.

ഹായ് മഴ!

വിമല പുറത്തിറങ്ങി.

മഴ മഴ മഴ മഴ മഴ വന്നു
ഒരു മഴ ചെറുമഴ മഴ വന്നു
നല്ലൊരു പുള്ളിക്കുടയും ചൂടി
മഴയത്തൂടെ നടന്നൂ ഞാൻ
പേക്രോം പേക്രോം തവളകൾ പാടി
ചെറുമീനുകളോ തുള്ളിച്ചാടി
മഴ വന്നേ ഹായ് മഴ വന്നേ
മഴമേളത്തിൻ പൊടിപൂരം



## മഴ തോർന്നു

വിമല നടന്നു.

കമലയുടെ വീട്ടിലെത്തി.


കമല പറഞ്ഞു.

നമുക്ക് മലയിൽ പോകാം.

മല നിറയെ മരം ഉണ്ട്.

നമുക്ക് പുഴക്കരയിൽ പോകാം.

വിമല പറഞ്ഞു.



അവർ പുഴക്കരയിലേക്ക് നടന്നു.

മഴ വന്നു. ചാറ്റൽ മഴ.

കുടയില്ല.


എന്തു ചെയ്യും?

അതാ വാഴ.


ഇല മുറിക്കാം.

വാഴയില ചൂടാം.

തല നനയാതെ പോകാം.



## മഴ എവിടെയൊക്കെ



മലയുടെ മീതെ മഴ പെയ്തു.



കുടയുടെ മീതെ മഴ പെയ്തു.




പുഴയുടെ മീതെ മഴ പെയ്തു.

## മഴ വരയ്ക്കാം എഴുതാം





വീടിനു മീതെ ..................... പെയ്തു.

## പേര് എഴുതാം

.......................................... ..........................................

.......................................... ..........................................

## വായിക്കാം

മ മ മ മ **മഴ** പെയ്തു.
ഴ ഴ ഴ ഴ **വഴി** നീളെ.

## പാടി രസിക്കാം

മുറ്റം മുഴുവൻ മഴവെള്ളം
മഴവെള്ളത്തിൽ കളിവള്ളം
കളിവള്ളത്തിലെ യാത്രക്കാർ
തുമ്പപ്പൂവും തുമ്പികളും



- തിരുനല്ലൂർ കരുണാകരൻ

KT 89/3 Malayalam -1 Vol-1

## കഥ പറയാം




കമലയും വിമലയും പുഴക്കരയിൽ എത്തി.




ബ്ലും... ഉറുമ്പ് കാൽതെറ്റി പുഴയിൽ വീണു.

## കടലാസു തോണി ഉണ്ടാക്കാം










ഞങ്ങൾ സഹായിക്കാം.
കമലയും വിമലയും പറഞ്ഞു.

സഹായിച്ചത് എങ്ങനെ? പറയൂ.



ആഴമുള്ള പുഴ.

കലങ്ങിയ വെള്ളം.

നല്ല ഒഴുക്ക്.

വടികൊണ്ട് തുഴ.


ഉറുമ്പ് വള്ളം തുഴഞ്ഞു.

തോണി നീങ്ങി.

5




അയ്യോ, എനിക്ക് വെള്ളത്തിൽ ഇറങ്ങാനേ പറ്റില്ല.
എനിക്ക് കരയിലും വെള്ളത്തിലും കളിക്കാം.
മണിയനെ അമ്മയുടെ അടുത്ത് എത്തിക്കാമോ?



6

തോണി അക്കരെ എത്തി.
മണിയൻ കരയിൽ ഇറങ്ങി.
നടന്നതെല്ലാം അമ്മയോടു പറഞ്ഞു.

മണിയൻ പറഞ്ഞത് എന്തൊക്കെയാവാം?

## ചുറ്റും വട്ടം വരയ്ക്കൂ

വെള്ളത്തിലെ ജീവികൾക്കു ചുറ്റും വട്ടം വരയ്ക്കൂ.




## പാടാം

മഴ പെയ്യുന്നു മഴ പെയ്യുന്നു
കിണറും കുളവും നിറയുന്നു
മഴ പെയ്യുന്നു മഴ പെയ്യുന്നു
വയലും തോടും നിറയുന്നു
മഴ പെയ്യുന്നു മഴ പെയ്യുന്നു
പുഴയും കരയും നിറയുന്നു

## പറയാം എഴുതാം

മഴ പെയ്തപ്പോൾ എവിടെയെല്ലാം വെള്ളം നിറഞ്ഞു?

- വയലും തോടും
- ........................................................
- ........................................................



കമലയും വിമലയും വീട്ടിൽ എത്തി.
മുറ്റത്തെ മഴവെള്ളം എവിടെപ്പോയി?
അവർ ചുറ്റും നോക്കി.
വറ്റിപ്പോയതാണോ?



## ചെയ്തു നോക്കാം

ബക്കറ്റിൽ മണ്ണ് നിറയ്ക്കൂ.
ഇനി ഒരു കപ്പ് വെള്ളം
ഒഴിച്ചു നോക്കൂ.
വെള്ളം എവിടെ?

## പാടാം

മഴ മഴ മഴ മഴ മഴ പെയ്തു
ചറ പറ ചറ പറ മഴ പെയ്തു
താഴത്തെത്തിയ മഴവെള്ളം
മണ്ണിന്നടിയിലൊളിച്ചല്ലോ

## പറയൂ

വെള്ളം എന്തിനൊക്കെ ഉപയോഗിക്കുന്നു?

അഭിനയിച്ചു കാണിക്കാമോ?







മുത്തശ്ശി പറഞ്ഞത് എന്തായിരിക്കും?



മുത്തുക്കുട

## വായിക്കാം എഴുതാം

വിമല കടയിലെത്തി.

അവിടെ കുടകൾ പലതരം.

- കറുത്ത കുട
- കാലൻകുട
- ചെവിയൻകുട
- പുള്ളിക്കുട
- പീപ്പിക്കുട



ഓലക്കുട



## ചേർത്തു പാടാം

കുട കുട കുട കുട നല്ല കുട
കുട കുട കുട കുട ...............
...............................................

## വരയ്ക്കാം എന്റെ കുട



കുത്തുകൾ യോജിപ്പിക്കൂ





വിമല കുടയും ചൂടി
മഴയത്തിറങ്ങി.
പെട്ടെന്ന് കാറ്റടിച്ചു.
കുട പറന്നുപോയി.
കിളി ഇതു കണ്ടു.
എന്നിട്ടോ?

കിളി എന്തു ചെയ്തിട്ടുണ്ടാകും? പറയൂ.

## ഒളിച്ചിരിക്കുന്നത് ആര്?

വെള്ളത്തിലെ ജീവികളെ കണ്ടെത്തൂ. ആ കളങ്ങളിൽ നിറം നൽകൂ.



## കഥ കേൾക്കാം

# മണ്ണാങ്കട്ടയും കരിയിലയും

മണ്ണാങ്കട്ടയും കരിയിലയും
ഉറ്റചങ്ങാതിമാർ.

ഒരിക്കൽ അവർ
കാശിയിലേക്കു പുറപ്പെട്ടു.
പെട്ടെന്ന് വലിയ കാറ്റു വീശി.


കരിയില
കാറ്റിൽ പാറിപ്പോകില്ലേ?
എന്തു ചെയ്യും?
മണ്ണാങ്കട്ട കരിയിലയുടെ
മുകളിൽ കയറിയിരുന്നു.
കാറ്റു നിന്നു.

അവർ യാത്ര തുടർന്നു.
കാർമേഘമെത്തി.
മഴ വന്നു.
മണ്ണാങ്കട്ട നനഞ്ഞു
കുതിർന്നു പോകില്ലേ?
എന്തു ചെയ്യും?
കരിയില മണ്ണാങ്കട്ടയുടെ
മുകളിൽ കയറിയിരുന്നു.

മഴ മാറി.
അവർ യാത്ര തുടർന്നു.
കാറ്റും മഴയും ഒന്നിച്ചുവന്നു.
എന്നിട്ടോ?



ചങ്ങാതിത്തത്ത




മഴത്തുള്ളികളിലെ അക്ഷരങ്ങൾ ചേർത്ത് വാക്കുകൾ ഉണ്ടാക്കൂ.